## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7417** — **14-07-2014 ൽ മറുപടിയ്ക്ക്**

### നെൽകൃഷിയുടെ വികസനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി 2013-14 ൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; | (എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനായി 2013-14 ൽ സുസ്ഥിര നെൽകൃഷി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്, തരിശ്ശുനില നെൽകൃഷി വികസനം, കരനെൽകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പി.പി.പി.എസ്. ആർ.ഐ.പദ്ധതി, പൊക്കാളി നെൽകൃഷി വികസനം (ആർ.കെ.വി.വൈ), പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും, ഉല്പാദന ബോണസ്, ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര; | (ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി; | (സി) പാടശേഖര സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 391.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓരോ ജില്ലയിലും എത്ര പാടശേഖര സമിതി കൾക്ക് ആനുകൂല്യം നൽകുകയുണ്ടായി; ഓരോ പാടശേഖര സമിതിക്കും ആനുകൂല്യം നൽകുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (ഡി) | ഓരോ ജില്ലയിലും ആനുകൂല്യം നൽകിയ പാടശേഖരങ്ങളുടെ എണ്ണം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>പദ്ധതി നിർവ്വഹണത്തിനുള്ള നിർദ്ദേശ പ്രകാരം മിനിമം 5 ഹെക്ടറുള്ള ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങൾക്ക് മാത്രമേ ആനുകൂല്യത്തി നർഹതയുണ്ടായിരുന്നുള്ളൂ. എന്നാൽ ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ അപേക്ഷ പ്രകാരം പിന്നീട് ഗ്രൂപ്പ് ഫാമിംഗ് പാടശേഖരത്തിന്റെ വിസ്തീർണ്ണം മിനിമം 3 ഹെക്ടർ എന്നാക്കി മാറ്റുകയും മിനിമം 3 ഹെക്ടർ വിസ്തീർണ്ണമുള്ള പാടശേഖരങ്ങൾക്കും ഇതിന്റെ ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ഇ) | 150 മാതൃകാ പാടശേഖര ങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ഓരോ ജില്ല യിലും എത്ര പാടശേഖര സമിതികൾക്ക് ഇക്കാല യളവിൽ നൽകി; ഇൻസെന്റീവ് നൽകുന്നതിന് എത്ര തുക ആകെ ചെലവഴിച്ചു; വ്യക്തമാക്കുമോ? | (ഇ) | മാതൃകാ പാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കിയ പാടശേഖരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | പാടശേഖരങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 5 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 33 |
| കോട്ടയം | 6 |
| ഇടുക്കി | 3 |
| എറണാകുളം | 7 |
| തൃശ്ശൂർ | 16 |
| പാലക്കാട് | 28 |
| മലപ്പുറം | 9 |
| കോഴിക്കോട് | 4 |
| വയനാട് | 10 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 10 |

മാതൃകാ പാടശേഖരങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രകാരം ആകെ 138.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

2013-2014 ൽ നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതികൾ

| പദ്ധതി | ഭൗതികനേട്ടം(ഹെക്ടർ) | സാമ്പത്തികനേട്ടം(ലക്ഷം. രൂപ) |
|---|---|---|
| ഗ്രൂപ്പ്ഫാമിംഗ്(സുസ്ഥിര നെൽകൃഷിവികസന പദ്ധതിയിൽ1500/-ഹെക്ടർ,ആർ.കെ.വി.വൈ പദ്ധതി പ്രകാരം3000/-ഹെക്ടർ. ആകെ 4500/-ഹെക്ടർ | 180522.7 | 8089.62 |
| നെൽകൃഷിവികസന ഏജൻസികൾക്കുള്ള ഫണ്ട് | | 81.21 |
| പ്രത്യേക നെല്ലിനങ്ങളുടെ പ്രോൽസാഹനം | 261.12 | 26.12 |
| പി.പി.പി.എസ്.ആർ.ഐ.പദ്ധതി | | 497.39 |
| പാട ശേഖര സമിതി കൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും | | 391.67 |
| കര നെൽകൃഷി | 3124.66 | 234.67 |
| ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി | | 105.77 |
| നെല്ലു സംഭരണം(സർക്കാർ നേരിട്ട് തുക സപ്ലൈകോയ്ക്ക് നൽകുന്നു.) | | |
| ഉൽപ്പാദന ബോണസ് | | 1030.69 |
| തരിശുനിലകൃഷി(ആദ്യവർഷം) | 1653.95 | 491.33 |
| തരിശുനിലകൃഷി(രണ്ടാംവർഷം) | 652.93 | 95.26 |
| ആർ.കെ.വി.വൈ.പൊക്കാളി നെൽകൃഷിവികസനം | 163.45 | 16.345 |
| കുട്ടനാട് പാക്കേജ്(തരിശുനിലകൃഷി) | 250 | 75 |
| ആകെ | | 11135.075 |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

ജില്ലാ തലത്തിൽ ആനുകൂല്യം നൽകിയ പാടശേഖരങ്ങളുടെ എണ്ണം

| നമ്പർ | ജില്ല | പാടശേഖരങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 155 |
| 2 | കൊല്ലം | 193 |
| 3 | പത്തനംതിട്ട | 115 |
| 4 | ആലപ്പുഴ | 625 |
| 5 | കോട്ടയം | 442 |
| 6 | ഇടുക്കി | 74 |
| 7 | എർണാകുളം | 438 |
| 8 | തൃശ്ശൂർ | 737 |
| 9 | പാലക്കാട് | 1452 |
| 10 | മലപ്പുറം | 403 |
| 11 | കോഴിക്കോട് | 266 |
| 12 | വയനാട് | 404 |
| 13 | കണ്ണൂർ | 403. |
| 14 | കാസർഗോഡ് | 339 |

സെക്ഷൻ ഓഫീസർ